## പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

ദേശിയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയിൽ പുതിയമേഖലകളെ ഉൾക്കൊള്ളിക്കൽ

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3011

03.04.2013 ൽ മറുപടിക്ക്

ചോദ്യം.

ഉത്തരം.

| | |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ.കെ.സി.ജോസഫ്, (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ ഏതെങ്കിലും മേഖലകളെ പുതുതായി ഉൾക്കൊള്ളിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ ജനങ്ങളുടെ ഉപജീവന മേഖലകളുമായി ബന്ധപ്പെട്ട് വിവിധയിനം പ്രവൃത്തികൾ തൊഴിലുറപ്പ് നിയമത്തിന്റെ പട്ടിക -1-ൽ അംഗീകൃത പ്രവൃത്തിയിനങ്ങളായി ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് സംസ്ഥാനം പല സന്ദർഭങ്ങളിലായി കേന്ദ്രസർക്കാരിന് നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ടെങ്കിലും താഴെ പറയുന്ന പ്രവൃത്തിയിന ങ്ങൾക്ക് ഇനിയും അനുവാദം നല്കിയിട്ടില്ല.<br>1. ദരിദ്ര വിഭാഗങ്ങളുടെ ഭവന നിർമ്മാണവും അനുബന്ധ പശ്ചാത്തല സൗകര്യങ്ങളും<br>2. പൊതു ആസ്തികളുടെ നിർമ്മാണവും സംരക്ഷണവും<br>3. തീരപ്രദേശ സംരക്ഷണത്തിന് അനുയോജ്യമായ പ്രവൃത്തികൾ<br>4. നെൽകൃഷിയുൾപ്പെടെയുള്ള കാർഷിക പ്രവൃത്തികൾ<br>5. വനാവകാശ നിയമ പ്രകാരം അനുവദനീയമായ നിർമ്മാണ പ്രവൃത്തികൾ<br>6. സേവന മേഖലയിലെ തൊഴിലുകൾ (വനിതകൾക്ക് മാത്രം)<br>7. ക്ഷീര /കയർ മേഖലകളിലെ പ്രവൃത്തികൾ |
| (ബി) | എങ്കിൽ ഇത് കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുണ്ടോ; | (ബി) | ഇല്ല |

| | | | |
|---|---|---|---|
| (സി) | തൊഴിലുറപ്പുപദ്ധതിയിൽ നിന്ന് നെൽകൃഷിയും, ഭൂവികസന പ്രവർത്തനങ്ങളും ഒഴിവാക്കി കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | നെൽ കൃഷി ഉൾപ്പെടുത്തിയിട്ടില്ല. ഭൂവികസനം ഉൾപ്പെടുത്തിയിട്ടുണ്ട് |
| (ഡി) | എങ്കിൽ ഇത് സംസ്ഥാനത്തെ എങ്ങനെ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ഡി) | വിലയിരുത്തിയിട്ടില്ല. |
| (ഇ) | എം.ജി.എൻ.ആർ.ഇ. യിൽ നിന്ന് നെൽകൃഷിയും ഭൂവികസനവും ഭൂമിയൊരുക്കലും ഒഴിവാക്കുന്നത് സംബന്ധിച്ച് ഈ സർക്കാരിന്റെ നയമെന്തെന്ന് വ്യക്തമാക്കുമോ? | (ഇ) | ഭൂവികസനവും ഭൂമിയൊരുക്കലും ഒഴിവാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ